# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 108 30.11.2015 ലെ മറുപടിക്ക്

ചോദ്യം

ശ്രീ. കെ.വി. അബ്ദുൾ ഖാദർ

മറുപടി

**ശ്രീ. ഉമ്മൻ ചാണ്ടി**
ബഹു. മുഖ്യമന്ത്രി

**ബഡ്ജറ്റിൽ നിർദ്ദേശിച്ച പദ്ധതികളും പരിപാടികളും സംബന്ധിച്ച വിവരങ്ങൾ**

| | | |
|---|---|---|
| (എ) | ഈ സർക്കാർ നിയമസഭയിൽ അവതരിപ്പിച്ച ബഡ്ജറ്റുകൾ ഓരോന്നിലെയും നിർദ്ദേശങ്ങൾ എത്ര വീതമായിരുന്നു; വ്യക്തമാക്കുമോ; | ഈ സർക്കാർ നിയമസഭയിൽ അവതരിപ്പിച്ച ബഡ്ജറ്റുകൾ ഒരോന്നിലേയും നിർദ്ദേശങ്ങളുടെ എണ്ണം വകുപ്പു തലവന്മാർ ലഭ്യമാക്കിയ വിവരങ്ങൾ പ്രകാരം താഴെ കൊടുക്കുന്നു. |

| വർഷം | നിർദ്ദേശങ്ങളുടെ എണ്ണം |
|---|---|
| 2011-12 | 241 |
| 2012-13 | 348 |
| 2013-14 | 366 |
| 2014-15 | 291 |
| 2015-16 | 240 |

| | | |
|---|---|---|
| (ബി) | ബഡ്ജറ്റിൽ നിർദ്ദേശിച്ച പദ്ധതികളും പരിപാടികളും പൂർണ്ണമായും അതാത് വർഷത്തിൽ നടപ്പിലാക്കിയിട്ടുണ്ടോ; | ബഡ്ജറ്റിൽ നിർദ്ദേശിക്കുന്ന പദ്ധതികളിൽ തുടർ പദ്ധതികളും ഉൾപ്പെടുന്നതിനാൽ എല്ലാ പദ്ധതികളും അതത് വർഷം തന്നെ പൂർണ്ണമായും നടപ്പിലാക്കാൻ കഴിയാറില്ല. കൂടാതെ ഭരണാനുമതി ഉൾപ്പെടെയുള്ള നടപടി ക്രമങ്ങൾ പൂർത്തിയാക്കുന്ന മുറയ്ക്ക് പദ്ധതികൾ നടപ്പിലാക്കി വരികയാണ്. |
| (സി) | അതാത് വർഷങ്ങളിൽ പൂർണ്ണമായും നടപ്പിലാക്കുവാൻ സാധിക്കാത്ത ബഡ്ജറ്റ് നിർദ്ദേശങ്ങൾ എത്ര വീതമായിരുന്നു; വർഷം തിരിച്ച് വ്യക്തമാക്കുമോ; | വകുപ്പു തലവന്മാർ ലഭ്യമാക്കിയ വിവരങ്ങൾ അനുസരിച്ച് അതത് വർഷങ്ങളിൽ പൂർണ്ണമായും നടപ്പിലാക്കാൻ സാധിക്കാത്ത പദ്ധതികളുടെ വർഷം തിരിച്ചുള്ള കണക്ക് താഴെ കൊടുക്കുന്നു. |

<table>
<tr>
<td></td>
<td></td>
<td>
<table>
<tr><th>വർഷം</th><th>എണ്ണം</th></tr>
<tr><td>2011-12</td><td>26</td></tr>
<tr><td>2012-13</td><td>60</td></tr>
<tr><td>2013-14</td><td>70</td></tr>
<tr><td>2014-15</td><td>47</td></tr>
</table>
2015-16 സാമ്പത്തിക വർഷം അവസാനിച്ചിട്ടില്ലാത്തതിനാൽ ആ വർഷത്തെ പദ്ധതി നടത്തിപ്പ് സംബന്ധിച്ച കണക്ക് ഉൾപ്പെടുത്തിയിട്ടില്ല.
</td>
</tr>
<tr>
<td>(ഡി)</td>
<td>ഓരോ ബഡ്ജറ്റ് പ്രസംഗത്തിലൂടെയും പ്രഖ്യാപിച്ച പുതിയ പദ്ധതികളുടേയും പരിപാടികളുടേയും നടത്തിപ്പിനാവശ്യമായ തുക ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടായിരുന്നുവോ; ഓരോ ബഡ്ജറ്റിലും പുതുതായി പ്രഖ്യാപിച്ച നിർദ്ദേശങ്ങൾ എത്ര കോടിയുടേതായിരുന്നു; അതിനായി ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിരുന്ന തുകയുടെ വിവരം ലഭ്യമാക്കുമോ?</td>
<td>ഓരോ ബഡ്ജറ്റ് പ്രസംഗത്തിലൂടേയും പ്രഖ്യാപിക്കുന്ന പുതിയ പദ്ധതികളുടെയും പരിപാടികളുടേയും നടത്തിപ്പിനാവശ്യമായ തുക നടപടി ക്രമങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് ഉപധനാഭ്യർത്ഥനകളിലൂടെയാണ് അനുവദിച്ച് വരുന്നത്. ഓരോ ബഡ്ജറ്റിലും പ്രഖ്യാപിച്ച പുതിയ നിർദ്ദേശങ്ങൾക്ക് വേണ്ടി വരുന്ന തുക സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.
<table>
<tr><th colspan="2">തുക കോടിയിൽ</th></tr>
<tr><td>2011-12</td><td>982.73</td></tr>
<tr><td>2012-13</td><td>1118.66</td></tr>
<tr><td>2013-14</td><td>1400.58</td></tr>
<tr><td>2014-15</td><td>1398.80</td></tr>
<tr><td>2015-16</td><td>1931.41</td></tr>
</table>
</td>
</tr>
</table>

(ഒപ്പ്)

അക്കൗണ്ട്സ് ഓഫീസർ